23-04-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–23/04/2023.

1. കൃഷിവകുപ്പിന്റെ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ നാടൻ (WCT), സങ്കരയിനം (TxD) തെങ്ങിൻതൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വിൽപ്പന ആരംഭിച്ചു. ആവശ്യക്കാർ തെങ്ങിൻ തൈ ഉത്പാദന കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടണമെന്ന് കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

2. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഈ മാസം 25 മുതൽ 29 വരെ തീയതികളിൽ സംഘടിപ്പിച്ചിരിക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. കർഷകർക്ക് ബാങ്ക് വായ്പാർഹമായ തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഡി പി ആർ ക്ലിനിക്കും കർഷകർക്ക് വിപണന സാധ്യതകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി ബി2ബി മീറ്റും കൃഷിദർശനിലൂടെ സാധിക്കും. കാർഷിക പ്രദർശന ഉദ്ഘാടനം ഏപ്രിൽ 25ന് രാവിലെ 10 മണിക്ക് ഹരിപ്പാട് മുൻസിപ്പൽ ചെയർമാൻ കെ എം രാജുവിന്റെ അധ്യക്ഷതയിൽ ഹരിപ്പാട് എം എൽ എ രമേശ് ചെന്നിത്തല നിർവഹിക്കുന്നു. ബി പി കെ പി കിസാൻ മേളയുടെ ഉദ്ഘാടനം കുട്ടനാട് എം എൽ എ തോമസ് .കെ .തോമസ് നിർവഹിക്കും. പ്രസ്തുത പരിപാടിയുടെ സമാപന ദിവസം കൃഷികൂട്ടസംഗമം നടത്തപ്പെടുന്നു. തുടർന്നുള്ള പൊതുസമ്മേളനം ഹരിപ്പാട് എം.എൽ.എ രമേശ് ചെന്നിത്തല അവർകളുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

3. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോയിൽ) ഫിനാൻസ് മാനേജരുടേയും, മാർക്കറ്റിംഗ് മാനേജരുടേയും ഓരോ സ്ഥിരം ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരിയ്ക്കുന്നു. യോഗ്യത, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി **www.kepco.co.in &**

**www.kepconews.blogspot.com** വെബ് പോർട്ടൽ സന്ദർശിക്കുക. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡേറ്റാ സഹിതം 24-04-2023, 04 മണിയ്ക്ക് മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്, റ്റി.സി. 30/697, പേട്ട, തിരുവനന്തപുരം-695024' എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ഏപ്രിൽ 26 മുതൽ 28 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. മലമ്പുഴ മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ 27/04/2023 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188622713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻ കൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

6. ഉപയോഗിക്കുന്ന ജലത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഹൈഡ്രോജെൽ ക്യാപ്സ്യൂളുകൾ ഉപയോഗിക്കാവുന്നതാണ്. ഇവ മണ്ണിന്റെ ജലസംരക്ഷ ശേഷി വർധിപ്പിച്ച് ജലസേചനത്തിന്റെ ഇടവേളകൾ കുറയ്ക്കുന്നു. ഉപയോഗത്തിനായി ക്യാപ്സൂളുകൾ ചെടികളുടെ ചുവട്ടിൽ വേരിനോട് ചേർന്ന് മണ്ണിലേക്ക് ഇറക്കി വയ്ക്കുക. പച്ചക്കറികൾക്ക് ഒരു ചെടിക്ക് 4 എണ്ണം വീതവും വാഴ ഒന്നിന് 8 വീതവും കമുക് ഒന്നിന് 10 വീതവും തെങ്ങ് ഒന്നിന് 20 വീതവുമാണ് ഉപയോഗിക്കുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം